Draft #3 of File ACBI/3/37957/2019 Approved by ASSISTANT REGISTRAR I (ACADEMIC) on 16-Mar-2020 03:14 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സ്വകാര്യ എയ്ഡഡ് കോളേജുകൾ - സർവകലാശാലയുടെ നിയമനാംഗീകാരമുള്ള പ്രിൻസിപ്പാളിന്റെ അഭാവത്തിൽ കോളേജുകളിൽ അടിയന്തിരമായി പ്രിൻസിപ്പൽ /പ്രിൻസിപ്പൽ ഇൻ ചാർജിനെ നിയമിക്കുന്നതിനായി മാനേജർമാരോട് ആവശ്യപ്പെടുന്നത് സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 1 സെക്ഷൻ**

നമ്പർ. 1609/AC B 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 17.03.2020

---

*പരാമർശം:*-1. 10.02.2020 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് ഉപസമിതി അപ്പ്രൂവലിന്റെ യോഗ നടപടിക്കുറിപ്പ് ഇനം നമ്പർ ACB/3/37957/2019.

**<u>ഉത്തരവ്</u>**

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രൈവറ്റ് എയ്ഡഡ് കോളേജുകളിൽ പലയിടത്തും യു.ജി.സി. നിഷ്കർഷിക്കുന്ന അടിസ്ഥാന യോഗ്യതയുള്ള പ്രിൻസിപ്പൽമാരെ നിയമിക്കാത്തതിനാൽ, സർവകലാശാലയുടെ നിയമനാംഗീകാരമുള്ള പ്രിൻസിപ്പൽമാർ ഇല്ലാത്ത സാഹചര്യം നിലവിൽ ഉണ്ട്. ഈ കോളേജുകളിൽ ഏതെങ്കിലുമൊരു അദ്ധ്യാപകനെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയമിക്കുകയും, അങ്ങനെ നിയമിതരാകുന്ന ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർ പ്രിൻസിപ്പലിന്റെ യാതൊരു അധികാരവും വിനിയോഗിക്കരുത് എന്ന സർവകലാശാലയുടെ നിർദ്ദേശം മറികടന്ന്, പ്രിൻസിപ്പലിന്റെ അധികാരവും, പദവിയും, സീലും ദുരുപയോഗം ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽസാഹചര്യത്തിൽ ടി വസ്തുതകൾ പരിഗണിച്ച അപ്പ്രൂവൽ സംബന്ധിച്ച സിൻഡിക്കേറ്റ് ഉപസമിതി യോഗം, പരാമർശം (1) പ്രകാരം, താഴെ പറയുന്ന തീരുമാനം കൈകൊണ്ടു.

"മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രൈവറ്റ് എയ്ഡഡ് കോളേജുകളിൽ സർവകലാശാലയുടെ നിയമനാംഗീകാരമുള്ള പ്രിൻസിപ്പൽമാരുടെ അഭാവത്തിൽ, യു.ജി.സി. റഗുലേഷൻസ് അനുശാസിക്കുന്ന യോഗ്യതയുള്ളവരെ പ്രിൻസിപ്പൽമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, ടി നടപടികൾ പൂർത്തിയാക്കുന്നത് വരെ പ്രിൻസിപ്പലിന്റെ ചുമതല നിർവഹിക്കുന്നതിന് മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട്സ് അദ്ധ്യായം 23 സ്റ്റാറ്റ്യൂട്ട് 21 പ്രകാരം, അതാത് കോളേജിലെ ഏറ്റവും സീനിയർ ആയ അദ്ധ്യാപകനെ 'പ്രിൻസിപ്പൽ ഇൻ ചാർജ്ജ്' ആയി നിയമിക്കുന്നതിന് കോളേജ് മാനേജർക്ക് നിർദ്ദേശം നൽകുവാൻ തീരുമാനിക്കുന്നു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലറുടെ / പ്രൊ വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി.
2. രജിസ്ട്രാറുടെ / പരീക്ഷാ കൺട്രോളറുടെ പി.ഐ.
3. എ.സി. ബി. 2 സെക്ഷൻ / എ.സി. ബി. 5 സെക്ഷൻ/ എ.സി.സി.2 സെക്ഷൻ .
4. ഐ.ക്യു.എ.സി/ കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ .
5. റെക്കോർഡ്സ് സെക്ഷൻ/ കരുതൽ ഫയൽ / ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File ACBI/3/37957/2019 Approved by ASSISTANT REGISTRAR I (ACADEMIC) on 16-Mar-2020 03:14 PM - Page 2